നമ്പർ. ACB1/35876/18/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി: 13.09.2018

## സർക്കുലർ

വിഷയം:- വിദ്യാഭ്യാസം -സാങ്കേതികം - എഞ്ചിനീയറിങ് കോളേജുകൾ - സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച്

സൂചന :- 1.ഉന്നത വിദ്യാഭ്യാസ വകുപ്പ് (ജി ) -യിൽ നിന്നും ലഭിച്ച -7/09/2018-ലെ ഇ-മെയിൽ സന്ദേശം
2.10.09.2018 ലെ ഇതേ നമ്പർ സർക്കുലർ

നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിങ് കോളേജുകളിലെ പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി 20/09/2018 വരെ നീട്ടുന്നതിന് ബഹു: സുപ്രീം കോടതി അനുവദിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ സർക്കാർ / എയ്ഡഡ് എഞ്ചിനീയറിങ് കോളേജുകളിൽ ഒഴിവുള്ള ബി.ടെക് (റഗുലർ) / ബി.ടെക് (ലാറ്ററൽ എൻട്രി) / എം.ടെക് / എം.സി.എ എന്നീ സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷനുമായി ബന്ധപ്പെട്ട് ഒരു സമയക്രമംസൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചിരിക്കുന്നു.എന്നാൽ ഇതേ ആഴ്ചയിൽ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സ്പോട്ട് അഡ്മിഷൻ നടക്കുന്നതിനാൽ ഈ സമയക്രമം ചുവടെ ചേർക്കും പ്രകാരം പുന:ക്രമീകരിച്ചിരിക്കുന്നു.

| തീയതി | സ്ഥാപനങ്ങൾ |
|---|---|
| 18/09/2018 OR 19/09/2018 | 1. കോളേജ് ഓഫ് എഞ്ചിനീയറിങ്,തിരുവനന്തപുരം<br>2. സർക്കാർ എഞ്ചിനീയറിങ് കോളേജ്, തൃശ്ശൂർ<br>3. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി,കോട്ടയം<br>4. സർക്കാർ എഞ്ചിനീയറിങ് കോളേജ്,ബാർട്ടൻഹിൽ,തിരുവനന്തപുരം<br>5. സർക്കാർ എഞ്ചിനീയറിങ് കോളേജ്,കണ്ണൂർ<br>6. സർക്കാർ എഞ്ചിനീയറിങ് കോളേജ്,കോഴിക്കോട്<br>7. സർക്കാർ എഞ്ചിനീയറിങ് കോളേജ്,ഇടുക്കി<br>8. സർക്കാർ എഞ്ചിനീയറിങ് കോളേജ്,പാലക്കാട്<br>9. സർക്കാർ എഞ്ചിനീയറിങ് കോളേജ്,വയനാട്,<br>10. ടി.കെ.എം എഞ്ചിനീയറിങ് കോളേജ്,കൊല്ലം<br>11. എം.എ കോളേജ് ഓഫ് എഞ്ചിനീയറിങ്, കോതമംഗലം<br>12. എൻ.എസ്.എസ്.കോളേജ് ഓഫ് എഞ്ചിനീയറിങ്, പാലക്കാട് |

20/09/2018 അവധി ദിവസമായതിനാൽ പ്രവേശന നടപടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാർ സ്ഥാപനങ്ങളിൽ ഹാജരാകേണ്ടതാണ്

സർക്കാർ നിയന്ത്രിത / സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിങ് കോളേജുകളിൽ മേൽപ്പറഞ്ഞ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ മേൽപ്പറഞ്ഞ തീയതികളിൽ ഏതിലെങ്കിലും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ സൌകര്യാർത്ഥം നടത്തി 20/09/2018 തീയതിക്കകം പ്രവേശന നടപടികൾ പൂർത്തീകരിച്ചിരിക്കേണ്ടതും ആകുന്നു.

ഈ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ടെങ്കിൽ ആയതും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ സ്പോട്ട് അഡ്മിഷൻ നടത്തി 20/09/2018 തീയതിക്കകം പ്രവേശന നടപടികൾ പൂർത്തീകരിച്ചിരിക്കേണ്ടതാണ്.

പകർപ്പ്

1. പ്രിൻസിപ്പാൾ,എല്ലാ സർക്കാർ / എയ്ഡഡ് / സർക്കാർ നിയന്ത്രിത സ്വാശ്രയ / സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിങ് കോളേജുകളും പോളി ടെക്നിക്ക് കോളേജുകളും.
2. ചെയർമാൻ,അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി
3. രജിസ്ട്രാർ,കേരള സാങ്കേതിക സർവ്വകലാശാല , തിരുവനന്തപുരം
4. സ്റ്റോക്ക്ഫയൽ / ഓഫീസ് കോപ്പി

ഡോ. കെ.പി ഇന്ദിരാദേവി
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
(ഇൻ ചാർജ്)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്